## ജീവനുള്ള നക്ഷത്രം ക്രിസ്തുവാണ്

**I. യേശു ബെത്ലഹേമിൽ ജനിച്ചശേഷം, "യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം ഉദയത്തിൽ കണ്ടു അവനെ ആരാധിക്കുവാൻ വന്നിരിക്കുന്നു" (മത്താ. 2:2) എന്നു പറഞ്ഞുകൊണ്ട് കിഴക്കുനിന്നുള്ള വിദ്വാന്മാർ യെരൂശലേമിൽ എത്തി; "യാക്കോബിൽനിന്ന് ഒരു നക്ഷത്രം ഉദിക്കും" എന്ന് പറയുന്ന സംഖ്യാപുസ്തകം 24:17-ന്റെ നിവൃത്തിയായിരുന്നു ഇത്; ഈ നക്ഷത്രം ക്രിസ്തുവിനെ സൂചിപ്പിക്കുന്നു**

### "അവന്റെ നക്ഷത്രം" സ്വർഗീയ ക്രിസ്തുവാണ്

- യെഹൂദന്മാർക്ക് ക്രിസ്തു എവിടെ ജനിക്കുമെന്നതിനെക്കുറിച്ചുള്ള തിരുവെഴുത്തുകൾ ഉണ്ടായിരുന്നെങ്കിലും, വിദ്വാന്മാരാണ് ക്രിസ്തുവിന്റെ നക്ഷത്രം കണ്ടത്
- ക്രിസ്തു എവിടെ ജനിക്കണമെന്ന് യെഹൂദന്മാർക്ക് അക്ഷരങ്ങളിൽ അറിയാമായിരുന്നു, എന്നാൽ കിഴക്കുനിന്നുള്ള ഈ പണ്ഡിതന്മാർക്ക് അവനെ സംബന്ധിച്ച ഒരു ജീവനുള്ള ദർശനം ലഭിച്ചു; ഒടുവിൽ, നക്ഷത്രം അവരെ ക്രിസ്തു ഉണ്ടായിരുന്ന സ്ഥലത്തേക്ക് നയിച്ചു
- ക്രിസ്തുവാണ് യഥാർഥ സൂര്യൻ, എന്നാൽ അവൻ രാത്രിയുടെ യുഗത്തിൽ സൂര്യനായി പ്രത്യക്ഷപ്പെടുന്നില്ല; പിന്നെയോ, അവൻ ഒരു നക്ഷത്രമായി പ്രകാശിക്കുന്നു;
- ക്രിസ്തു ആദ്യമായി വന്നപ്പോൾ, അവൻ ഒരു നക്ഷത്രമായി പരസ്യമായി പ്രത്യക്ഷപ്പെട്ടു, എന്നാൽ അവൻ രണ്ടാമത് വരുമ്പോൾ, അവന്റെ വരവിനായി കാത്തിരിക്കുന്ന തന്റെ ജയാളികൾക്ക് അവൻ ഉദയനക്ഷത്രമായിരിക്കും; മറ്റെല്ലാവർക്കും ക്രിസ്തു പിന്നീട് സൂര്യനായി പ്രത്യക്ഷപ്പെടും

## ജീവനുള്ള നക്ഷത്രത്തെ കണ്ടെത്തുന്നത്

**II. ക്രിസ്തുവിനെ കണ്ടെത്തുന്നത് ഒരു ജീവനുള്ള വിഷയമാണെന്ന് മത്തായി 2:1-12 വെളിപ്പെടുത്തുന്നു; അത് വേദപുസ്തകത്തെക്കുറിച്ചുള്ള കേവലം ഉപദേശപരമായ അറിവിന്റെ വിഷയമല്ല**

- ആ നക്ഷത്രം വിശുദ്ധ ദേശത്തിലെ ദൈവാലയത്തിൽനിന്നും, യെഹൂദ മതത്തിന്റെ കേന്ദ്രത്തിൽനിന്നും വളരെ അകലെ പ്രത്യക്ഷപ്പെട്ടു
- കേവലം വേദപുസ്തകം കൈയിൽ പിടിച്ച് വായിക്കുന്നതുകൊണ്ട് പ്രയോജനമില്ല; നമുക്ക് വേദപുസ്തകം ഉണ്ടായിരിക്കാം, എന്നാൽ നമുക്ക് സ്വർഗീയ നക്ഷത്രം നഷ്ടമായേക്കാം
- നക്ഷത്രം എന്നത് ജീവനുള്ള വെളിപാട്, ജീവനുള്ള ദർശനമാണ്, അത് തിരുവെഴുത്തുകളെക്കുറിച്ചുള്ള പഴയതും നിർജീവവുമായ ഉപദേശപരമായ അറിവല്ല; ഇന്ന് നമുക്ക് വേണ്ടത് കേവലം വേദപുസ്തക പരിജ്ഞാനമല്ല, മറിച്ച് സ്വർഗീയ ദർശനമാണ്, കാലികവും തൽക്ഷണവും ജീവനുള്ളതുമായ ദർശനമാണ്, മനുഷ്യ ധാരണകൾക്ക് ഒരിക്കലും പഠിപ്പിക്കുവാൻ കഴിയാത്ത ദർശനമാണ്
- വിദ്വാന്മാരെപ്പോലെ, [മതത്തിലുള്ളവർ] ദർശനം കണ്ടില്ല, അവർക്ക് ക്രിസ്തുവിനെ അന്വേഷിക്കാനുള്ള ഹൃദയവും ഇല്ലായിരുന്നു.
- കർത്താവിനെ കണ്ടെത്താനും അനുഗമിക്കാനുമുള്ള പുതിയനിയമ മാർഗം അവന്റെ മറഞ്ഞിരിക്കുന്ന സാന്നിധ്യത്തിൽ നിരന്തരം തുടരുക എന്നതാണ്
- തിരുവെഴുത്തിലെ പരിജ്ഞാനം സമാഹരിക്കുവാൻ എളുപ്പമാണ്, എന്നാൽ നമുക്ക് ജീവനുള്ള മാർഗനിർദേശം ലഭിക്കണമെങ്കിൽ, കർത്താവുമായി ഒരു ഉറ്റ ബന്ധത്തിൽ നാം ജീവിക്കണം; നാം അവനോട് ഒന്നായിരിക്കണം
- ഒരിക്കൽ നാം ക്രിസ്തുവിനെ കണ്ടാൽ, നാം ഒരിക്കലും അതേ വഴി, ക്രിസ്തുവിനെ കൂടാതെയുള്ള മതത്തിന്റെ വഴി എടുക്കുകയില്ല, എപ്പോഴും മറ്റൊരു വഴി എടുക്കും.

## നാം ജീവനുള്ള നക്ഷത്രങ്ങളായിത്തീരുവാൻ ജീവനുള്ള നക്ഷത്രമായ കർത്താവിനെ പിന്തുടരുന്നത്

**III. ക്രിസ്തുവിന്റെ വിശ്വസ്ത അനുയായികൾ പ്രകാശിക്കുന്നതും ജീവനുള്ളതുമായ നക്ഷത്രങ്ങളാണ്, അവർ പ്രകാശിക്കുന്നതും ജീവനുള്ളതുമായ നക്ഷത്രമെന്ന നിലയിൽ ക്രിസ്തുവിന്റെ തനിപ്പകർപ്പാകുവാൻ അവനെ അനുഗമിക്കുന്നവരാണ്**

### ജീവനുള്ള നക്ഷത്രങ്ങൾ

- ക്രിസ്തുവിന്റെ സ്വർഗീയവും, ജീവനുള്ളതും, കാലികവും, തൽക്ഷണവുമായ ദർശനത്തെ അനുഗമിക്കുന്നു
- ദൈവജനത്തെ അനുഗ്രഹിക്കുന്നു. തങ്ങളെത്തന്നെ ദൈവത്തിന്റെ അനുഗ്രഹത്തിൻ കീഴിൽവയ്ക്കുന്നു
- "ഇരുണ്ട സ്ഥലത്ത് പ്രകാശിക്കുന്ന വിളക്ക് എന്നപോലെ" തിരുവെഴുത്തുകളിലെ പ്രവചന വചനത്തിന് ശ്രദ്ധകൊടുക്കുന്നു
- ഏഴിരട്ടി തീവ്രതപ്രാപിച്ച ആത്മാവിനെ ആസ്വദിക്കുകയും അവനാൽ നിറയുകയും ചെയ്യുന്നു
- ദൈവജനത്തിലേക്ക് പുതുമയുള്ള, ഇന്നത്തെ ക്രിസ്തുവിനെ പകരുന്ന അവർ സഭകളുടെ ദൂതന്മാരാണ്
- "ഹൃദയത്തിൽ വലിയ നിർണയങ്ങളും" "വലിയ ഹൃദയശോധനകളും" ഉള്ളവരാണ്
- യഹോവയെ ഭയപ്പെടുകയും, അവന്റെ ദാസന്റെ ശബ്ദം കേട്ട്, അവനിൽ ആശ്രയിക്കുകയും ചെയ്യുന്നു
- നാലാം ദിവസം സ്ഥാപിതമായ നക്ഷത്രങ്ങളെ പോലെ അവർ അവയുടെ പ്രകാശത്താൽ ഭരിക്കുന്നു; പ്രകാശമുള്ളിടത്ത് ജീവന്റെ വളർച്ചയ്ക്കായുള്ള ഭരണമുണ്ട്

### പ്രതിലോമ വശത്ത്, "അലഞ്ഞുനടക്കുന്ന നക്ഷത്രങ്ങൾ" ആയ ചിലരുണ്ട്

- ക്രമംകെട്ട വിശ്വാസത്യാഗികൾ ഇന്ന് അലഞ്ഞുനടക്കുന്ന നക്ഷത്രങ്ങളാണ്
- എല്ലാ സ്ഥലം സഭകളുടെ ഇടയിലും ചില ജീവനുള്ള നക്ഷത്രങ്ങളുണ്ട്; നമ്മൾ അവരെ ബന്ധപ്പെടുകയും അവരുമായി സഹവസിക്കുകയും വേണം; അവർ നമ്മെ യേശു ഉള്ള സ്ഥലത്തേക്ക് നയിക്കും

### ജീവനുള്ള നക്ഷത്രങ്ങളെന്ന നിലയിൽ അവന്റെ തനിപ്പകർപ്പായിത്തീരുന്നത്

- കർത്താവിനെ കണ്ടുമുട്ടുവാനും, അവനെ ആരാധിക്കുവാനും, നമ്മുടെ സ്നേഹം അവന് അർപ്പിക്കുവാനും കഴിയേണ്ടതിന് നമ്മെ എപ്പോഴും ശരിയായ മാർഗത്തിൽ കാക്കുവാൻ കർത്താവ് നമ്മോട് കരുണ കാണിക്കട്ടെ; ജീവനുള്ള നക്ഷത്രങ്ങളെന്ന നിലയിൽ അവന്റെ തനിപ്പകർപ്പായിത്തീരുന്നതിന്, ക്രിസ്തുവിനെ കണ്ടെത്തുവാനും അവനെ സംബന്ധിച്ച പുതിയ കണ്ടെത്തലുകൾ നടത്തുവാനും കർത്താവ് നമ്മെയെല്ലാവരെയും ജീവനുള്ള നക്ഷത്രത്തെ പിന്തുടരുന്ന വിദ്വാന്മാരെപ്പോലെയാക്കട്ടെ